**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4416** **06-03-2023 - ൽ മറുപടിയ്ക്ക്**

**എം.എസ്.എം.ഇ.കളെ ഉയർത്തിക്കൊണ്ടു വരുന്നതിനുള്ള സഹായ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | നിലവിലുള്ള എം.എസ്.എം.ഇ. കളിലെ സൂക്ഷ്മ സംരംഭങ്ങളെ ചെറുകിട സംരംഭങ്ങൾ ആയും ചെറുകിട സംരംഭങ്ങളെ ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ടു വരുന്നതിനുള്ള സഹായ പദ്ധതി പ്രകാരം 2022-23 സാമ്പത്തിക വർഷത്തിൽ എത്ര സംരംഭങ്ങൾക്ക് സഹായം നൽകിയിട്ടുണ്ടെന്നും ഈ ഇനത്തിൽ വകയിരുത്തിയ ആകെ തുക എത്രയാണെന്നും ഈ ഇനത്തിൽ നാളിതുവരെ ചെലവഴിച്ച തുക എത്രയാണെന്നും വ്യക്തമാക്കുമോ? | (എ) | നിലവിലുള്ള എം.എസ്.എം.ഇ-കളിലെ സൂക്ഷ്മ സംരംഭങ്ങളെ ചെറുകിട സംരംഭങ്ങൾ ആയും ചെറുകിട സംരംഭങ്ങളെ ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ടു വരുന്നതിനുള്ള സഹായ പദ്ധതിക്ക് അംഗീകാരം നൽകി സർക്കാർ ഉത്തരവായിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ പദ്ധതിക്കായി 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതി അനുസരിച്ചുള്ള അപേക്ഷകൾ സ്വീകരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ